## പതിനാലാം കേരള നിയമസഭ

## (FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X

# (SUBJECT COMMITTEE X)

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

# (FOREST, ENVIRONMENT AND TOURISM)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
## രണ്ടാമത് റിപ്പോർട്ട്
## (2017-2018)

**SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS (2017-2018)**

2017 ഏപ്രിൽ 25-ാം തീയതി സമർപ്പിച്ചത്
(Presented on 25th April, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X
# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST, ENVIRONMENT AND TOURISM)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട്
(2017-2018)

SECOND REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2017-2018)

417/2017.

## ഉള്ളടക്കം

*പേജ്*

സമിതിയുടെ ഘടന .. v

അവതാരിക .. vii

റിപ്പോർട്ട് .. 1

# സബ്ജക്ട് കമ്മിറ്റി X
# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
# (2017-2018)

## ഘടന

<u>ചെയർമാൻ:</u>

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. ബി. ഡി. ദേവസ്സി
ശ്രീ. എൽദോ എബ്രഹാം
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. റോജി എം. ജോൺ
ശ്രീ. കെ. എം. ഷാജി
ശ്രീ. എ. എൻ. ഷംസീർ
ശ്രീ. സണ്ണി ജോസഫ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സമിതി 27-3-2017, 3-4-2017 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ XVII — വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം<br>മേജർ ഹെഡ് -3435 എക്കോളജിയും<br>എൻവയോൺമെന്റും

ധനാഭ്യർത്ഥന നമ്പർ XX —ശുദ്ധജലവിതരണവും ശുചീകരണവും<br>മേജർ ഹെഡ് 2215-02-106-വായു,<br>ജലമലിനീകരണം തടയൽ<br>190(98) കേരള സംസ്ഥാന മലിനീകരണ<br>നിയന്ത്രണ ബോർഡ്

ധനാഭ്യർത്ഥന നമ്പർ XXXIV —വനം

ധനാഭ്യർത്ഥന നമ്പർ XLII —വിനോദസഞ്ചാരം

മേൽപ്പറഞ്ഞ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

11-4-2017 തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. രാജു,<br>*ചെയർമാൻ,*<br>സബ്ജക്ട് കമ്മിറ്റി *X.*

തിരുവനന്തപുരം,<br>2017 ഏപ്രിൽ 11.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXXIV—വനം

വോട്ട് ചെയ്തത് - 755,99,37,000 രൂപ

ചാർജ്ജ് ചെയ്തത് - 5,00,000 രൂപ

### പ്ലാൻ ഫണ്ട്

4406-01-101-99 (1)—വനസംരക്ഷണം (വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും)

ബഡ്ജറ്റ് വിഹിതം : 2750 ലക്ഷം രൂപ

1. കേരളത്തിന്റെ 38,863 ച. കി. മീറ്റർ ഭൂവിസ്തൃതിയുടെ 29.1% ഉൾപ്പെടുന്ന വനമേഖലയിൽ (11,309 ച.കി.മീ) പ്രകൃതിദത്തമായ നിബിഡവനങ്ങൾ കൂടാതെ തേക്ക്, അൽബീസിയ, യൂക്കാലി തുടങ്ങിയ വിലപിടിപ്പുള്ള മരങ്ങൾ ഉൾക്കൊള്ളുന്ന 1.48 ലക്ഷം ഹെക്ടർ വരുന്ന തോട്ടങ്ങളും ഉൾപ്പെടുന്നു. ഈ വനസമ്പത്ത് സംരക്ഷിക്കുന്നതോടൊപ്പം ഊർജ്ജിത വനവൽക്കരണ വനപരിപാലന പരിപാടികൾ നടപ്പിലാക്കിയാൽ മാത്രമേ പരിസ്ഥിതി-കാലാവസ്ഥാ ഘടകങ്ങളുടെ സന്തുലനവും ജലലഭ്യതയും ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളുവെന്ന് സമിതി വിലയിരുത്തുന്നു.

2. വനസംരക്ഷണത്തിനും സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനുമായി ഫലപ്രദമായ സംരക്ഷണ നടപടികൾ ആവശ്യമാണെന്നും ആയതിലേക്കായി നിലവിലുള്ള പദ്ധതികൾ കൂടാതെ നടപ്പുവർഷം പുതുതായി 25 ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഈ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച 2750 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4406-01-800-91—പരിസ്ഥിതി വിനോദസഞ്ചാരം (ഇക്കോ ടൂറിസം)

ബഡ്ജറ്റ് വിഹിതം : 900 ലക്ഷം രൂപ

3. വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾക്കും ദേശീയ പാർക്കുകൾക്കും പുറത്തുള്ള പ്രദേശങ്ങളിലും ചുറ്റുപാടുമുള്ള വനപ്രദേശങ്ങളിലും വനസംരക്ഷണ സമിതി പോലുള്ള വിവിധ ഗ്രൂപ്പുകളിൽ പരിസ്ഥിതി വിനോദസഞ്ചാരത്തെക്കുറിച്ച് അവബോധം വളർത്തി പരിസ്ഥിതി സംരക്ഷണത്തെ സഹായിക്കുക, സന്ദർശകരുടെ സ്വാധീനം പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുവാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ടൂറിസം പരിപാലിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിൻകീഴിൽ വകപ്പ് ലക്ഷ്യമിടുന്നത്.

നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച തിരുവനന്തപുരം ജില്ലയിലെ കുളത്തൂപ്പുഴയിൽ ഫോറസ്റ്റ് മ്യൂസിയത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച 900 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-02-110-48 — പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം

ബഡ്ജറ്റ് വിഹിതം : 500 ലക്ഷം

4. തൃശ്ശൂർ മൃഗശാലയിലെ പക്ഷികളെയും മൃഗങ്ങളെയും കൂടുതൽ സ്ഥലസൗകര്യമുള്ള വനം വകുപ്പിന്റെ തൃശ്ശൂർ ഡിവിഷന്റെ കീഴിലെ പട്ടിക്കാട് റെയ്ഞ്ചിലുൾപ്പെട്ട പുത്തൂർ വനഭൂമിയിലെ 136 ഹെക്ടർ പ്രദേശത്ത് പുതുതായി ആരംഭിക്കുന്ന സുവോളജിക്കൽ പാർക്കിലേക്ക് മാറ്റി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, 4 വർഷം കൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി (എൻട്രി-എക്സിറ്റ് കോംപ്ലക്സിന്റെ നിർമ്മാണം, മൃഗശാലയിലെ മൃഗങ്ങൾക്ക് തുറന്ന വേലിക്കെട്ട്, കൂട്ടിലടച്ച ഇഴജന്തുക്കൾക്കുള്ള കേന്ദ്രം, റിസർച്ച് ലാബുകൾ, റോഡുകൾ) നടപ്പുവർഷം അനുവദിച്ച 500 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ ഈ ശീർഷകത്തിൽ അധികമായി 1500 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-02-110-56— പരിസ്ഥിതി വികസന പരിപാടി

ബഡ്ജറ്റ് വിഹിതം : 350 ലക്ഷം രൂപ

5. വനവിഭവ പരിപാലനത്തിന് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം നടത്തുക, സംരക്ഷിത പ്രദേശങ്ങളിൽ പരിസ്ഥിതി വികസന പരിപാടികൾ നടപ്പിലാക്കുക തുടങ്ങി നിരവധി പരിപാടികളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനായി കാവുകളും കുളങ്ങളും സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത മുൻനിർത്തി എല്ലാ ജില്ലകളിലെയും കാവുകളും കുളങ്ങളും ഘട്ടംഘട്ടമായി പുനരുദ്ധരിക്കുന്നതിന് നടപ്പുവർഷം ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച 350 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്നും 350 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2406-01-800-56— മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

ബഡ്ജറ്റ് വിഹിതം : 1340 ലക്ഷം രൂപ

6. വന്യമൃഗങ്ങളുടെ ആക്രമണംമൂലം വനാതിർത്തികളിൽ അധിവസിക്കുന്ന മനുഷ്യരുടെയും കന്നുകാലികളുടെയും ജീവനും വിളകൾക്ക് നാശനഷ്ടവും സംഭവിക്കുന്നത്, സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലെ ജനങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന വൻവിപത്തായി മാറുന്നുവെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിനുള്ള സാധ്യത വർദ്ധിച്ചുവരികയാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ജനവാസമേഖലയിലേക്കും കൃഷിഭൂമിയിലേക്കും വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് വനാതിർത്തികളിൽ ആനക്കിടങ്ങുകൾ, ഭിത്തികൾ, സൗരോർജ്ജ വേലികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിലേക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10,000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നിലവിൽ നൽകിവരുന്ന തുക പരിമിതമായതിനാൽ ആയത് കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ പ്രസ്തുത തുക 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാര തുക അപര്യാപ്തമായതിനാൽ ആയതും വർദ്ധിപ്പിക്കേണ്ടതുണ്ട്. എന്നാൽ അത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെന്നതിനാൽ വന്യമൃഗങ്ങൾമൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് മുഴുവൻ നഷ്ടപരിഹാരവും നൽകുന്നതിനായി സർക്കാർ തലത്തിൽ നിശ്ചിത പ്രീമിയം തുക ഒറ്റത്തവണയായി അടച്ച് ഒരു ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നോൺ പ്ലാൻ

2406-01-001-95 — ജില്ലാ ആഫീസുകൾ

01—ശമ്പളം (4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം: - 21.57 ലക്ഷം രൂപ

9. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-001-95—ജില്ലാ ആഫീസുകൾ

04—യാത്രാ ചെലവുകൾ (2) സ്ഥലംമാറ്റബത്ത

ബഡ്ജറ്റ് വിഹിതം : 3.44 ലക്ഷം രൂപ

10. യാത്രാബത്ത കടിശ്ശികയിനത്തിലേക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-001-96 —വിജിലൻസും വിലയിരുത്തലും വിഭാഗം

04(2) സ്ഥലംമാറ്റബത്ത

ബഡ്ജറ്റ് വിഹിതം : 4.53 ലക്ഷം രൂപ

11. വിജിലൻസും വിലയിരുത്തലും വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റബത്ത ഇനത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-001-99—ചീഫ് കൺസർവേറ്ററുടെ ആഫീസ്

04(2) — സ്ഥലംമാറ്റബത്ത

ബഡ്ജറ്റ് വിഹിതം - 10 ലക്ഷം രൂപ

12. കോമ്പസിറ്റ് ട്രാൻസ്ഫർ ഗ്രാന്റിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-070-98 — കെട്ടിടങ്ങൾ - 18 - അറ്റകുറ്റപ്പണി

ബഡ്ജറ്റ് വിഹിതം - 60 ലക്ഷം രൂപ

13. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIV

### കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ്

2406-02-110-59-31—ശമ്പളം (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം - 79.31 ലക്ഷം രൂപ

2406-02-110-59-36—ശമ്പളേതരം (നോൺപ്ലാൻ)

ബഡ്ജറ്റ് വിഹിതം -14.15 ലക്ഷം രൂപ

14. മുൻ വർഷങ്ങളിലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക ബോർഡിലെ ജീവനക്കാരുടെ ശമ്പളത്തിനും ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്കും അലവൻസുകൾക്കും ബോർഡിലെ മറ്റ് ചെലവുകൾക്കും വിനിയോഗിക്കുന്നതിന് തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2406-02-110-59-31-ശമ്പളം എന്ന ശീർഷകത്തിൽ 54,73,528 രൂപയും വാട്ടർ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവ വർദ്ധിച്ചതിനാൽ 2406-02-110-59-36- ശമ്പളേതരം എന്ന ശീർഷകത്തിൽ 17,20,000 രൂപയും ഉൾപ്പെടെ പദ്ധതിയേതര ഇനത്തിൽ ആകെ 71.93 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLII

വിനോദസഞ്ചാരം

വോട്ട് ചെയ്തത് : 448,25,15,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

പ്ലാൻ ഫണ്ട്

5452-01-101-99—അടിസ്ഥാനസൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

ബഡ്ജറ്റ് വിഹിതം : 12,000 ലക്ഷം രൂപ

15. പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളുടെ വികസനം, സംസ്ഥാനത്തിന് സുസ്ഥിരമായ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് സംവിധാനത്തിനായുള്ള ഗ്രീൻകാർപ്പറ്റ് സംരംഭം, ടൂറിസം രംഗത്തെ സുരക്ഷാ ക്രമീകരണങ്ങൾ, അത്യാധുനിക വിവരവിനിമയ കേന്ദ്രങ്ങളുടെ വികസനം, സാഹസിക വിനോദസഞ്ചാരം തുടങ്ങി ലോകനിലവാരത്തിൽ വിനോദ സഞ്ചാരകേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം തദ്ദേശീയർക്ക് മെച്ചപ്പെട്ട ഉപജീവനവും വരുമാനവും ഉറപ്പുവരുത്തുകയും പ്രകൃതിയും സാംസ്കാരിക പൈതൃകവും നിലനിർത്തുകയും ചെയ്യുന്ന നിരവധി പദ്ധതികളാണ് നടപ്പുവർഷം വകുപ്പ് ലക്ഷ്യമിടുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ 2016-2017-ൽ 150 കോടി രൂപ വകയിരുത്തിയിരുന്ന മൂന്ന് പദ്ധതികൾ ഈ പദ്ധതിയോടൊപ്പം സംയോജിപ്പിച്ചിരിക്കുന്നു. പ്രസ്തുത പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിരുന്ന ബഡ്ജറ്റ് വിഹിതം വകുപ്പ് ലക്ഷ്യമിട്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനുമായി 4000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-190-98— ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കേരള) (കെ.റ്റി.ഐ.എൽ.)

ബഡ്ജറ്റ് വിഹിതം : 167 ലക്ഷം രൂപ

16. സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സ്ഥാപിതമായ കെ.റ്റി.ഐ.എൽ.-ന് കേരളത്തിന്റെ ടൂറിസം മേഖലയുടെ ആവശ്യങ്ങൾക്കനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനായുള്ള നൂതന നിക്ഷേപ, വികസന, സംയുക്ത സംരംഭ മാതൃകകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി നടപ്പുവർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 33 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-190-96—ബേക്കൽ റിസോർട്ട്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബി.ആർ .ഡി.സി.)

ബഡ്ജറ്റ് വിഹിതം : 300 ലക്ഷം രൂപ

17. ബേക്കലിന്റെയും സമീപ പ്രദേശങ്ങളിലെയും വിനോദസഞ്ചാര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരംഭിച്ച ബേക്കൽ റിസോർട്ട് വികസന കോർപ്പറേഷൻ നടപ്പുവർഷം ഉത്തര മലബാർ മേഖലയിലെ ടൂറിസം വ്യവസായം ശക്തിപ്പെടുത്തുവാനും ചെറുകിട/ഇടത്തരം സംരംഭകരെ ആകർഷിക്കുന്നതിനും ബേക്കൽ/ഉത്തര മലബാറിലേക്ക് വർദ്ധിച്ച തോതിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും വിനോദസഞ്ചാര സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പദ്ധതികളുടെ തുടർനടത്തിപ്പും ലക്ഷ്യമിടുന്നു. എന്നാൽ ആയതിലേക്കായി അനുവദിച്ച 300 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 560 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-800-90-(26)—സ്വകാര്യമേഖലയിൽ-അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം

33- സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 150 ലക്ഷം രൂപ

18. ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്ന പുതിയ സബ്സിഡി നടപ്പാക്കൽ, മാർക്കറ്റിംഗ് രംഗത്ത് പുത്തൻ സംരംഭകർക്കുള്ള സഹായം, ആയുർവേദ ഹോം സ്റ്റേ, സംരംഭകർക്ക് വിദേശവും സ്വദേശീയവുമായ വിപണന സഹായം, മേളകളിൽ പങ്കെടുക്കൽ എന്നിവയ്ക്ക് ഉതകുന്ന പുതിയ സബ്സിഡി സമ്പ്രദായം രൂപപ്പെടുത്തുന്നതിനും ഇൻവെസ്റ്റ്മെന്റ്/ഇലക്ട്രിസിറ്റി സബ്സിഡികൾ യോഗ്യതയുള്ള സ്ഥാപനങ്ങൾക്ക് നൽകുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ 3000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നോൺ പ്ലാൻ

3452-01-103-99—ടൂറിസ്റ്റ് ഗതാഗത സേവനം 01- ശമ്പളം -4-മെഡിക്കൽറീഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം : 1.65 ലക്ഷം രൂപ

19. ജീവനക്കാർക്കുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനായി ഈ സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-01-103-99—ടൂറിസ്റ്റ് ഗതാഗതസേവനം-04-യാത്രാ ചെലവുകൾ-1 യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 2 ലക്ഷം രൂപ

20. ആലുവ ഗസ്റ്റ് ഹൗസിലെ ഷോഫർമാരുടെ യാത്രാബത്ത 2 ലക്ഷത്തോളം രൂപ കുടിശ്ശികയായതിനാൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-01-103-99—ടൂറിസ്റ്റ് ഗതാഗതസേവനം-05-ഓഫീസ് ചെലവ് -4- മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 3 ലക്ഷം രൂപ

21. വകുപ്പിന് കീഴിലുള്ള 141 വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-01-103-99—ടൂറിസ്റ്റ് ഗതാഗതസേവനം-21-2-മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം : 150.29 ലക്ഷം രൂപ

22. വകുപ്പിന് കീഴിലുള്ള 141 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 19.71 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-01-103-99—ടൂറിസ്റ്റ് ഗതാഗതസേവനം-45- പി.ഓ.എൽ.

ബഡ്ജറ്റ് വിഹിതം : 145.56 ലക്ഷം രൂപ

23. ടൂറിസം വകുപ്പിലുള്ള വാഹനങ്ങൾക്ക് ഇന്ധനം വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 54.44 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-99—ഭരണവും നടത്തിപ്പും-02-വേതനം

ബഡ്ജറ്റ് വിഹിതം :20.60 ലക്ഷം രൂപ

24. വകുപ്പിലുള്ള പാർട്ട് ടൈം കണ്ടിൻജന്റ്, ദിവസവേതന ജീവനക്കാർക്ക് വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-99—ഭരണവും നടത്തിപ്പും -05- ഓഫീസ് ചെലവുകൾ-01-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 5.00 ലക്ഷം രൂപ

25. തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിലെ വെള്ളക്കരം 106 ലക്ഷം രൂപ കുടിശ്ശിക അടയ്ക്കേണ്ടതുള്ളതിനാൽ നടപ്പുവർഷം അനുവദിച്ച 5 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 110 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-99—ഭരണവും നടത്തിപ്പും -06- വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 2.35 ലക്ഷം രൂപ

26. എറണാകുളം ജോയിന്റ് ഡയറക്ടർ ഓഫീസിലെ കെട്ടിടനികുതി കുടിശ്ശിക തീർക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ അധികമായി 2.65 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-99—ഭരണവും നടത്തിപ്പും 34-3-മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ

27. സർക്കാരിന്റെ വിശിഷ്ടാതിഥികൾ, മറ്റ് അതിഥികൾ എന്നിവരുടെ താമസം, ഭക്ഷണം, വാഹനം എന്നിവയും മറ്റ് ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. വകുപ്പിന് കീഴിലുള്ള 3 റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫീസുകളിലെ വെള്ളക്കരം അടയ്ക്കുന്നതിനും, സാധനസാമഗ്രികൾ വാങ്ങുന്നതിനും ഈ നടപ്പു വർഷം വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമായതിനാൽ ചുവടെ ചേർക്കുംപ്രകാരം അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-97—റീജിയണൽ ജോയിന്റ് ഡയറക്ടർ ആഫീസുകൾ

05— ഓഫീസ് ചെലവുകൾ -1-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 12,000 രൂപ

അധികം വകയിരുത്തേണ്ട തുക : 1.88 ലക്ഷം രൂപ

3452-80-001-97—റീജിയണൽ ജോയിന്റ് ഡയറക്ടർ ആഫീസുകൾ

24—സാധനസാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ

അധികം വകയിരുത്തേണ്ട തുക : 49,000 രൂപ

29. ടൂറിസം വകുപ്പിനു കീഴിലുള്ള 11 ജില്ലാ ആഫീസുകളിലെ യാത്രാബത്ത, ടെലഫോൺ ചാർജ്ജ്, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങളിൽ നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

3452-80-001-96—ജില്ലാ ആഫീസുകൾ

04—യാത്രാചെലവുകൾ

1—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം :1.65 ലക്ഷം രൂപ

അധികം വകയിരുത്തേണ്ട തുക : 1.35 ലക്ഷം രൂപ

3452-80-001-96—ജില്ലാ ആഫീസുകൾ

05—ഓഫീസ് ചെലവുകൾ

3— ടെലഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 1.40 ലക്ഷം രൂപ

അധികം വകയിരുത്തേണ്ട തുക : 1.10 ലക്ഷം രൂപ

3452-80-001-96—ജില്ലാ ആഫീസുകൾ

05— ഓഫീസ് ചെലവുകൾ

4- മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ

അധികം വകയിരുത്തേണ്ട തുക : 2 ലക്ഷം രൂപ

30. ടൂറിസം വകപ്പിന്റെ കീഴിലുള്ള ഗസ്റ്റ് ഹൗസുകളുടെ കെട്ടിടനികുതി അടയ്ക്കുന്നതിനും, തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ ഭക്ഷണസാധനസാമഗ്രികൾ വാങ്ങുന്നതിനുമായി നടപ്പുവർഷം അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ചുവടെചേർക്കും പ്രകാരം അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

3452-80-001-95—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ്ലോഡ്ജുകളും 06-
വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 4 ലക്ഷം രൂപ

അധികം വകയിരുത്തേണ്ട തുക : 2 ലക്ഷം രൂപ

3452-80-001-95—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ്ലോഡ്ജുകളും 34-
മറ്റ് ചെലവുകൾ

3— മറ്റിനം

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ

അധികം വകയിരുത്തേണ്ട തുക : 30 ലക്ഷം രൂപ

3452-80-104-98 — ടൂറിസം-വിപണനവും പ്രോത്സാഹനവും

08—പരസ്യം, പ്രചാരണം എന്നിവയ്ക്കുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ

31. ഓണം വാരാഘോഷത്തിനും മറ്റ് ആഘോഷ പരിപാടികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും ചെന്നൈ, മുംബൈ, കൽക്കത്ത, ഡൽഹി, മൈസൂർ എന്നിവിടങ്ങളിലും പ്രവർത്തിക്കുന്ന ടൂറിസം ഇൻഫർമേഷൻ ഓഫീസുകളിലെ ദിവസവേതനം, ടെലഫോൺ ചാർജ് എന്നീ ഇനങ്ങളിൽ നടപ്പ് സാമ്പത്തികവർഷം അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ ചുവടെ ചേർക്കും പ്രകാരം അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

3452-80-800-88— <u>ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ-2-വേതനം</u>

ബഡ്ജറ്റ് വിഹിതം : 6.05 ലക്ഷം രൂപ

അധികം വകയിരുത്തേണ്ട തുക: 95,000 രൂപ

3452-80-800-88—<u>ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ</u>

05—<u>ഓഫീസ് ചെലവുകൾ</u>

3—<u>ടെലഫോൺ ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം : 1.40 ലക്ഷം രൂപ

അധികം വകയിരുത്തേണ്ട തുക: 2.60 ലക്ഷം രൂപ

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2017 ഏപ്രിൽ, 11.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.